Draft #6 of File 31497/AC A7/2/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 07:40 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര, ഏറ്റുമാനൂർ - B.Com - (Model I) Computer Applications ( Additional Batch - 40 സീറ്റ് മാത്രം ), B.Com - (Model I) Finance and Taxation എന്ന ഓപ്ഷനിലേക്ക് മാറ്റുവാനായി സമർപ്പിച്ച അപേക്ഷ - പരിശോധന കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 3042/AC A 7/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2020

---

*പരാമർശം:*-1) സ.ഉ.നം Ac A VII/1/1069/02 തീയതി 5/10/2002.

2) സ.ഉ.നം.4357/1/13/Ac AVII തീയതി.12/8/2013

3) പ്രിൻസിപ്പാൾ,ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര, ഏറ്റുമാനൂർ , ന്റെ 20/8/2019 -ലെ EC/1/No.3/2019-2020 നമ്പർ കത്ത്.

4) സ.ഉ.നം. 545/AcA7/2020/എം.ജി.യു. തീയതി :30/1/2020

5) 19/6/2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം. 31497/AcA7/2/ACAD.

**ഉത്തരവ്**

ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര, ഏറ്റുമാനൂർ, മഹാത്മാഗാന്ധി സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജാണ്. പ്രസ്തുത കോളേജിൽ B.Com (Model I) Computer Applications പരാമർശം (1) പ്രകാരവും , പരാമർശം (2) പ്രകാരം B.Com (Model I) Computer Applications (Additional Batch 40 സീറ്റ് ) -ഉം അനുവദിച്ചിട്ടുണ്ട്. B.Com - (Model I) Computer Applications ( Additional Batch - 40 സീറ്റ് മാത്രം ) , B.Com - (Model I) Finance and Taxation എന്ന ഓപ്ഷനിലേക്ക് മാറ്റുവാനായി കോളേജ് പരാമർശം (3 ) പ്രകാരം സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2020 ജനുവരി 04 -ന് കൂടിയ സിന്‍ഡിക്കേറ്റിന്റെ അഫിലിയേഷൻ ഉപസമിതി യോഗം ടി വിഷയം പരിഗണിക്കുകയും ഓപ്ഷൻ മാറ്റത്തിന് മതിയായ പഠന ഭൗതിക സാഹചര്യങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷനായി സിൻഡിക്കേറ്റ് അംഗം പ്രൊഫ. റ്റോമിച്ചൻ ജോസഫ് , പ്രൊഫ. ദിവ്യ ജോസഫ് ( അസിസ്റ്റന്റ് പ്രൊഫസർ. കെ.ഇ. കോളേജ് , മാന്നാനം) എന്നിവരെ നിയമിക്കാൻ ശുപാർശ ചെയ്യുകയും ടി ശുപാർശ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് , അദ്ധ്യായം III, 10 (17) പ്രകാരം വൈസ്-ചാൻസലർ അംഗീകരിക്കുകയും തദനുസരണം പരാമർശം (4) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവി ക്കുകയും ചെയ്തു.

ഇതിന്മേൽ പരിശോധന നടത്തിയ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും, ടി കമ്മീഷന് കോളേജ് ആവശ്യപെട്ടി രിക്കുന്ന ഓപ്ഷൻ മാറ്റത്തിന് ആവശ്യമായ പഠന-ഭൗതിക സാഹചര്യങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ട കയും ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര, ഏറ്റുമാനൂ രിലെ B.Com -Model I (40 സീറ്റ് അഡീഷണൽ ബാച്ച് ) -ലെ ഓപ്ഷൻ Computer

Applications എന്നത് Finance and Taxation എന്ന് മാറ്റി നൽകുവാൻ ശുപാർശ ചെയ്തു.

2020 ജൂൺ 19 -ന് കൂടിയ സിൻഡിക്കേറ്റിന്റെ അഫിലിയേഷൻ ഉപസമിതി യോഗം ടി അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കാനും, കമ്മീഷൻ ശുപാർശ 2020-21 അക്കാദമിക വർഷം മുതൽ നടപ്പിലാക്കുവാൻ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തു.

ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 , സെക്ഷൻ 3.10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് -ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .പ്രിൻസിപ്പൽ , ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരക്കുളങ്ങര, ഏറ്റുമാനൂർ.
2. വി.സി./ പി.വി.സി. എന്നിവരുടെ പി.എസ്- മാർ
3. രജിസ്ട്രാർ/ എഫ് .ഒ / സി.ഇ. എന്നിവരുടെ പി.എ. - മാർ
4. ജെ.ആർ II ( ഭ.വി ) / ഡി.ആർ I (അക്കാദമിക്ക് )/ എ.ആർ I (അക്കാദമിക്ക് )
5 . എസി.സി I / എസി ബി 6
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / പി.ആർ.ഒ / അന്വേഷണ വിഭാഗം
7 . റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 31497/AC A7/2/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 07:40 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം